# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 998

03.12.2014-ലെ
മറുപടിയ്ക്ക്.

**പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കായി സ്വകാര്യ ഹോസ്റ്റലുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.കെ.ബാലൻ. എം.എൽ.എ** | **ശ്രീ.എ.പി അനിൽകുമാർ**<br>ബഹു. പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കായി സർക്കാർ അനുമതിയോടെ സ്വകാര്യ വ്യക്തികളോ ട്രസ്റ്റുകളോ സന്നദ്ധ സംഘടനകളോ ഹോസ്റ്റലുകൾ പ്രവർത്തിപ്പിക്കുന്നുണ്ടോ ; | (എ) & (ബി) ഉണ്ട്. വിശദ വിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട് |
| (ബി) ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; സ്ഥാപനത്തിന്റെ പേര് , ഉടമ, സ്ഥാപനം പെൺകുട്ടികൾക്കായാണോ ആൺകുട്ടികൾക്കായാണോ , കുട്ടികളുടെ നിലവിലെ എണ്ണം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൽ ജില്ല തിരിച്ച് ലഭ്യമാക്കുമോ ; | |
| (സി) ഇത്തരം സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നല്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയാണ് നൽകുന്നത് ; ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ? | (സി) ഉണ്ട്. ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 500/- രൂപ നിരക്കിൽ ബോർഡിംഗ് ഗ്രാന്റും, പ്രതി വർഷം 500/- രൂപ നിരക്കിൽ യൂണിഫോം അലവൻസും അനുവദിക്കുന്നു. പട്ടികജാതി വികസന വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കാണ് ഗ്രാന്റ് നൽകി വരുന്നത്. |
| (ഡി) ഇത്തരം ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് എത്ര രൂപയാണ് സർക്കാർ അനുവദിക്കുന്നത് ;<br>സർക്കാർ ഹോസ്റ്റലുകളിലെ കുട്ടികൾക്ക് എത്ര രൂപയാണ് അനുവദിക്കുന്നത് ; | (ഡി) ഇത്തരം ഹോസ്റ്റലുകളിൽ ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 500/- രൂപ ബോർഡിംഗ് ഗ്രാന്റും , പ്രതി വർഷം 500/- രൂപ യൂണിഫോം അലവൻസും നൽകി വരുന്നു.<br>പട്ടികജാതി വികസന വകുപ്പ് നടത്തി വരുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2,000/- രൂപ മെസ് ചാർജ്ജും പോക്കറ്റ് മണിയും ( ആൺ -140/-, പെൺ-135/-) അനുവദിക്കുന്നു. കൂടാതെ 13/05/2010 ലെ സർക്കാർ ഉത്തരവ് (കൈ) നം. 55/2010 പജപവവിവ പ്രകാരമുള്ള ആനുകൂല്യങ്ങളും നൽകി വരുന്നു.<br>( പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്) |
| (ഇ) ഇത്തരം സ്ഥാപനങ്ങൾക്ക് ഗ്രാന്റ് കുടിശ്ശികയുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ ? | (ഇ) ഉണ്ട്. കസ്തൂർബാ ബാലികാസദനം, ഒറ്റപ്പാലം എന്ന സ്ഥാപനത്തിന് ഗ്രാന്റിനത്തിൽ 35,000/- രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

Bali K.J
സെക്ഷൻ ഓഫീസർ

# അനുബന്ധം – I

| ജില്ല | സ്ഥാപനം | ഉടമ | ആൺ/പെൺ | കുട്ടികളുടെ നിലവിലെ എണ്ണം |
|---|---|---|---|---|
| **തിരുവനന്തപുരം** | മിത്രനികേതൻ, വെള്ളനാട് | സേതു വിശ്വനാഥൻ | പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും | പെൺ- 30 ആൺ- 19 |
| **കണ്ണൂർ** | ശ്രീനാരായണ വിദ്യാലയം, പയ്യന്നൂർ | സ്വാമി ആനന്ദ തീർത്ഥ ട്രസ്റ്റ്, രജി.നം.S-148/84 | ആൺ | 26 |
| **തൃശ്ശൂർ** | ശ്രീരാകൃഷ്ണമഠം. പുറനാട്ടുകര | ശ്രീരാമകൃഷ്ണാശ്രമം | ആൺ | 2 |
| | ശ്രീ.ശാരദാമഠം, പുറനാട്ടുകര | ശ്രീരാമകൃഷ്ണാശ്രമം | പെൺ | 20 |
| | കസ്തൂർബാ ബാലികാ സദനം, ഗുരുവായൂർ | ഹരിജൻ സേവാ സംഘ്, തിരുവനന്തപുരം | പെൺ | 49 |
| **പാലക്കാട്** | ശബരി ആശ്രമം, മലമ്പുഴ | ഹരിജൻ സേവക് സംഘ് ട്രസ്റ്റ് | ആൺ | 19 |
| | കസ്തൂർബാ ബാലികാ സദനം, ഒറ്റപ്പാലം | 'ഹരിജൻ 'സേവക് സംഘ് ട്രസ്റ്റ് | പെൺ | 30 |

Sali K.J
സെക്ഷൻ ഓഫീസർ

അനുബന്ധം - II

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി / പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ മെസ്ചാർജ്ജ് ഒഴികെയുള്ള അലവൻസുകൾ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്

സ.ഉ.(എം.എസ്)നം. 55/2010/പജപവവിവ തീയതി, തിരുവനന്തപുരം, 13/05/2010

പരാമർശം:- (1) 16/03/1991-ലെ സ.ഉ.(സാധാ) നം. 162/91/പജപവവിവ.

(2) 17/12/1992-ലെ സ.ഉ. (സാധാ)നം. 656/92/പജപവവിവ.

(3) 04/03/1995-ലെ സ.ഉ.(എം.എസ്)നം. 11/95/പജപവവിവ.

(4) 18/10/2000-ലെ സ.ഉ.(എം.എസ്)നം. 93/2000/പജപവവിവ.

(5) 17/11/2008, 23/05/2009, 28/10/2009 തീയതികളിലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ഇ6-85/07 നമ്പർ കത്തുകൾ.

(6) 20/10/2008, 20/05/2009, 09/11/2009, 19/12/2009 തീയതികളിലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഡി2-14195/06 നമ്പർ കത്തുകൾ.

***<u>ഉത്തരവ്</u>***

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കുള്ള ആനുകൂല്യങ്ങൾ മുകളിൽ ഒന്നിലും, രണ്ടിലും പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരമാണ് അവസാനമായി വർദ്ധിപ്പിച്ചത്. മൂന്നാമതായി പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം, പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ മെസ്ചാർജ്ജ് ഒഴികെയുള്ള അലവൻസുകൾ വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന് നാലാമതായി പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ യൂണിഫോം അലവൻസ് മാത്രം വർദ്ധിപ്പിക്കുകയുണ്ടായി. പട്ടികജാതി വികസന വകുപ്പിന്റേയും, പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ മെസ്ചാർജ്ജ് ഒഴികെയുള്ള അലവൻസുകൾക്ക് നിലവിൽ ഏകീകരണ സ്വഭാവമില്ല. നിലവിലുള്ള നിരക്കുകൾ തീർത്തും അപര്യാപ്തമായതിനാൽ അവ കാലോചിതമായി ഏകീകൃത രീതിയിൽ വർദ്ധിപ്പിക്കണമെന്ന് സർക്കാർ തീരുമാനിക്കുകയും അപ്രകാരം ശുപാർശകൾ സമർപ്പിക്കുന്നതിന് പട്ടികജാതി / പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, മുകളിൽ 5-ലും, 6-ലും പരാമർശിച്ചിരിക്കുന്ന കത്തുകൾ പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും ശുപാർശകൾ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ പ്രസ്തുത ശുപാർശകൾ വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിന്റേയും, പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ മെസ്ചാർജ്ജ് ഒഴികെയുള്ള അലവൻസുകൾ ചുവടെ പറയും പ്രകാരം ഉടനടി പ്രാബല്യത്തിൽ വരത്തക്കവണ്ണം വർദ്ധിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | ഇനം | വിഭാഗം | പട്ടികജാതി വികസന വകുപ്പിനും, പട്ടികവർഗ്ഗ വികസന വകുപ്പിനും കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് അനുവദിച്ച വർദ്ധിപ്പിച്ച നിരക്ക് |
|---|---|---|---|
| 1 | യൂണിഫോം അലവൻസ് പ്രതിവർഷം | എൽ.പി. | 500/- രൂപ |
| | | യു.പി. | 700/- രൂപ |
| | | എച്ച്.എസ്. | 800/- രൂപ |
| | | ഹയർ സെക്കന്ററി | 800/- രൂപ |
| 2 | നോട്ട്ബുക്ക്, സ്റ്റേഷനറി | എൽ.പി. | 200/- രൂപ |
| | | യു.പി. | 200/- രൂപ |
| | | എച്ച്.എസ്. | 300/- രൂപ |
| | | ഹയർ സെക്കന്ററി | 400/- രൂപ |
| 3 | പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഒരു സ്ഥാപനത്തിന് പ്രതിമാസം | | 400/- രൂപ |
| 4 | സോപ്പ്, എണ്ണ തുടങ്ങിയവ | | പെൺകുട്ടിക്ക് പ്രതിമാസം 75/- രൂപ<br>ആൺകുട്ടിക്ക് പ്രതിമാസം 50/- രൂപ |
| 5 | തോർത്ത്, ചീപ്പ്, ബസ്കൂലി തുടങ്ങിയവ | | പ്രതിമാസം 60/- രൂപ |
| 6 | കലാകായിക ഉപകരണങ്ങൾ | | Actuals (നിജസ്ഥിതി) അനുസരിച്ച് വാങ്ങി നൽകേണ്ടതാണ് |
| 7 | മുടി വെട്ടുന്നതിന് | | ആൺകുട്ടിക്ക് പ്രതിമാസം 30/- രൂപ |
| 8 | ചികിത്സാചെലവ് | | ഒരു സ്ഥാപനത്തിന് പ്രതിവർഷം 3000/- രൂപ |
| 9 | ബെഡ്ഷീറ്റ് | | Actuals (നിജസ്ഥിതി) അനുസരിച്ച് വാങ്ങി നൽകേണ്ടതാണ് |
| 10 | ബാഗ് | | ഒരു കുട്ടിക്ക് പ്രതിവർഷം 150/- രൂപ |

| | | | |
|---|---|---|---|
| 11 | ചെരുപ്പ് | | ഒരു കുട്ടിക്ക് പ്രതിവർഷം 150 |
| 12 | നൈറ്റ്ഡ്രസ്സ് (പ്രതിവർഷം) | എൽ.പി. | 400/- രൂപ |
| | | യു.പി. | 500/- രൂപ |
| | | എച്ച്.എസ് | 600/- രൂപ |
| | | ഹയർ സെക്കന്ററി | 700/- രൂപ |
| 13 | കമ്പിളി (വയനാട്, ഇടുക്കി, പാലക്കാട്,ജില്ലകളിൽ മാത്രം) | | ഒരു കുട്ടിക്ക് മൂന്ന് വർഷത്തിലൊരിക്കൽ 600/- രൂപ |

(3) ഇതിന് വേണ്ടിവരുന്ന ചെലവ് പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളെ സംബന്ധിച്ച് "2225-01-277-96-വസ്ത്രവിതരണം (നോൺപ്ലാൻ)", "2225-01-277-88 പ്രീമെട്രിക് ഹോസ്റ്റലുകളിൽ ട്യൂഷൻ (പ്ലാൻ)", "2225-01-277-94-34 പ്രീമെട്രിക് ഹോസ്റ്റലുകൾ (നോൺപ്ലാൻ)" എന്നീ ശീർഷകങ്ങളിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളെ സംബന്ധിച്ച് "2225-02-277-94-ട്രൈബൽ ഹോസ്റ്റലുകൾ-34 മറ്റുചെലവുകൾ (നോൺപ്ലാൻ)", എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പോൾ ആന്റണി**

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികാര്യ (എ) വകുപ്പ്
(31/03/2009-ലെ 2988/എ2/09/പ്ലാനിംഗ് നമ്പർ കുറിപ്പ് പ്രകാരം)
ധനകാര്യ വകുപ്പ് (26/04/2010-ലെ 80596/WW2/10/ധന നമ്പർ കുറിപ്പ് പ്രകാരം).
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി/വെബ്സൈറ്റ്

പകർപ്പ്: പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രിയുടെ പി.എസിന്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Bali K.J
സെക്ഷൻ ഓഫീസർ